# ശ്ലീഹാക്കാലം ഏഴാം ഞായർ

## ഇടുങ്ങിയ വഴികൾ - ലൂക്കാ 13,22-30

സ്വാതന്ത്ര്യത്തെ ഘനിക്കുന്നു എന്നതാണ് ഇടുങ്ങിയ വഴിയുടെ പ്രത്യേകത. സ്വർഗ്ഗരാജ്യത്തെക്കുള്ള കുറുക്കുവഴി ഇടുങ്ങിയതാണെന്നു ക്രിസ്തു. സ്വർഗ്ഗരാജ്യത്തെ സ്വന്തമാക്കാനുള്ള വഴികൾ എന്തൊക്കെയാണ്?

1. **ഇടുങ്ങിയ വഴികളെ സന്തോഷത്തോടെ അംഗീകരിക്കുക.**
   - **കുടുംബസാഹചര്യങ്ങൾ** - ദാരിദ്ര്യം, പ്രിയപ്പെട്ടവരുടെ മരണം മുതലായവ
   - **ജീവിത സാഹചര്യങ്ങൾ** - ജോലിസ്ഥലം, സഹപ്രവർത്തകർ, അയൽപ്പക്കങ്ങൾ, മേലധികാരികൾ മുതലായവ.
   - **ശാരീരിക അവസ്ഥകൾ** - രോഗം, അലർജികൾ മുതലായവ.
   - **ജീവിതത്തിൽ സംഭവിക്കുന്ന ചില മാറ്റങ്ങൾ** - വിവാഹശേഷം ചെന്നു കയറുന്ന പുതിയ അന്തരീക്ഷം, പുരോഹിത സന്ന്യസ്തരെ സംബന്ധിച്ചിടത്തോളം പുതുതായി ലഭിക്കുന്ന നിയമനങ്ങൾ മുതലായവ.

2. **ഇടുങ്ങിയ വഴികളെ ഹൃദയപൂർവ്വം സ്വീകരിക്കുക.**

   മേൽപ്പറഞ്ഞ ഇടുങ്ങിയ ജീവിതാനുഭവങ്ങളും ജീവിത സാഹചര്യങ്ങളും എന്റെ സ്വർഗ്ഗരാജ്യപ്രാപ്തിക്കായി ദൈവം ഒരുക്കുന്ന വഴികളാണെന്ന് വിശ്വസിക്കുകയും അവയെ സന്തോഷത്തോടെ സ്വീകരിക്കുകയും ചെയ്യുക.

3. **ഇടുങ്ങിയ വഴികളെ ആസ്വദിക്കുക.**

   സഹനങ്ങൾക്കും ഇടുങ്ങിയ വഴികൾക്കും ഒരു പ്രത്യേക സൗന്ദര്യമുണ്ട് എന്നു കണ്ടെത്തുന്നിടത്താണ് ഒരു ക്രിസ്ത്യാനിയുടെ വിജയം. തീർച്ചയായും ഇടുങ്ങിയ വഴികൾക്ക് കുറയേറെ നന്മകളുണ്ട്, കുറെയേറെ ദൈവികാനുഭത്തിലേക്കുള്ള ചാലുകളാണ് അവയോരോന്നും.

അതുകൊണ്ട് ഇടുങ്ങിയ വഴികളെയോർത്ത് ധ്യാനിക്കുകയും അവയെ ഓർത്ത് സന്തോഷിക്കുകയും, അവയ്ക്ക് പിന്നിലുള്ള ദൈവിക പദ്ധതികളെയോർത്ത് ദൈവത്തിനു നന്ദി പറയുകയും ചെയ്യുക.

**വാൽക്കഷണം...**

ഇടുങ്ങിയ വഴികളിൽ ആർക്കും സ്വാതന്ത്ര്യത്തോടെ കൈകൾ വീശി നടക്കാനാവില്ല. ഇടുങ്ങിയ വഴികളിലൂടെ കടന്നുപോകുന്ന ആരും തന്റെ ഇരുകരങ്ങളും പരമാവധി ശരീരത്തോട് ചേർത്തുവയ്ക്കണം. രണ്ടു കൈകളും മടക്കി ശരീരത്തോട് ചേർത്തു വയ്ക്കുന്നിടത്ത് എന്താണ് സംഭവിക്കുക? അറിയാതെ മനുഷ്യന്റെ കരങ്ങൾ കൂപ്പുകരങ്ങളായി മാറുന്നു. അതേ സുഹൃത്തേ, ഇടുങ്ങിയ വഴികൾ നമ്മെ കൂടുതൽ പ്രാർത്ഥിക്കുന്നവരാക്കി മാറ്റും. ഇടുങ്ങിയ വഴികൾ ദൈവതിരുമുമ്പിലേക്ക് നമ്മെ കൂടുതൽ ചേർത്തു നിർത്താൻ സഹായിക്കും. ഇടുങ്ങിയ വഴികൾ നമ്മെ കൂടുതൽ ദൈവാശ്രയബോധമുള്ളവരാക്കി മാറ്റും. ഇടുങ്ങിയ വഴികളിൽ നാം തിരുമുമ്പിലാണെന്നുള്ള ഓർമ്മ നമ്മെ ദൈവത്തിലേക്ക് അടുപ്പിക്കട്ടെ. ആമ്മേൻ.

**- ഫാ. അജോ രാമച്ചനാട്ട്.**